# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1257      11.02.2016 ൽ - മറുപടിക്ക്

## പുതിയ റേഷൻ കാർഡ് വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പുതിയ റേഷൻ കാർഡ് വിതരണം സംബന്ധിച്ച് എന്ത് അനിശ്ചിതത്വ മാണ് നിലനിൽക്കുന്നത് എന്ന് വ്യക്തമാക്കാമോ ;<br>(ബി) പുതിയ റേഷൻ കാർഡ് വിതരണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) പുതിയ റേഷൻ കാർഡ് വിതരണം സംബന്ധിച്ച് അനിശ്ചിതത്വങ്ങൾ ഒന്നും നിലവിലില്ല. മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 01.04.2016-ന് മുമ്പ് വിതരണം ചെയ്തു തുടങ്ങുന്നതാണ്. |
| (സി) റേഷൻ കാർഡ് വിതരണം സമയബന്ധിതമായി പൂർത്തീ കരിക്കുവാൻ തടസ്സം എന്താണ് എന്ന് വ്യക്തമാക്കാമോ ; | (സി) കരട് മുൻഗണനാ/മുൻഗണനേതര പട്ടികയിന്മേൽ വരാവുന്ന ആക്ഷേപങ്ങളും പരാതികളും പരിശോധിച്ച് പരിഹാരം കാണേണ്ടതുണ്ട്. സമയ ബന്ധിതമായി റേഷൻ കാർഡ് അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) പുതിയ കാർഡ് പരിപൂർണ്ണമായും തെറ്റുകൾ ഇല്ലാത്തതാണെന്ന് ഉറപ്പാക്കിയിട്ടുണ്ടോ എന്നറിയി ക്കുമോ ? | (ഡി) പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങൾ കാർഡുടമകൾക്ക് വിതരണം ചെയ്ത് അവരിൽ നിന്നും വിവര ശേഖരണം നടത്തി ഡേറ്റാ എൻട്രി നടത്തുകയാണ് ആദ്യഘട്ടത്തിൽ ചെയ്തത്. തുടർന്ന് ഓൺലൈനി ലൂടെയും ഡേറ്റാ എൻട്രി പ്രിന്റൗട്ടുകൾ റേഷൻ കടകളിലൂടെ വിതരണം ചെയ്തും കാർഡുടമ കളിൽ നിന്ന് തെറ്റ് തിരുത്തി വാങ്ങി അതും ഡേറ്റാ എൻട്രി നടത്തിയിട്ടുണ്ട്. ഈ ഡാറ്റാ എൻട്രിയിൽ വന്നിട്ടുള്ള ഡീ-ഡ്യൂപ്ലിക്കേഷനുകളും പരിഹരി ച്ചതിനു ശേഷമാണ് മുൻഗണനാ റാങ്കിംഗ് നടത്തിയിട്ടുള്ളത്. ഇപ്രകാരം ജനറേറ്റ് ചെയ്ത കരട് മുൻഗണനാ/മുൻഗണനേതര പട്ടികയാണ് പ്രസിദ്ധീകരിക്കുന്നത്. ടി പട്ടികയിന്മേൽ ആക്ഷേപ ങ്ങളും പരാതികളും ഉള്ള പക്ഷം വെരിഫിക്കേഷൻ കമ്മിറ്റികളിലൂടെ അവയും പരിഹരിച്ച് അതും ഡേറ്റാ എൻട്രി ചെയ്ത ശേഷമാണ് റേഷൻ കാർഡ് ഉടമകൾക്ക് വിതരണം ചെയ്യാൻ പോകുന്നത്. ഇങ്ങനെ പുതിയ റേഷൻ കാർഡ് പരിപൂർണ്ണമായും തെറ്റുകൾ ഇല്ലാത്തതാണെന്ന് ഉറപ്പാക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ